പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 617

05/06/2018 ൽ
മറുപടിക്ക്

**<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം</u>**

| ചോദ്യം<br>**ശ്രീ.എൻ. ഷംസുദ്ദീൻ** | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. മാരുടെ നിയമനം സംബന്ധിച്ച വ്യവസായ വകുപ്പിന്റെ 2016-ലെ വിജ്ഞാപന പ്രകാരം ആരെല്ലാം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷകരുടെ വിശദാംശങ്ങൾ നൽകുമോ;<br><br>ബി) പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്തവരെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.മാരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നുമുള്ള വിവരം നൽകുമോ? | എ) യും ബി) യും<br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ തെരെഞ്ഞെടുക്കുന്നതിന്റെ ഭാഗമായി 2016 ജൂലൈ മാസം നടത്തിയ വിജ്ഞാപന പ്രകാരം 772 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. 2016 സെപ്റ്റംബർ മാസം 6, 7, 8 എന്നീ തീയതികളിലായിരുന്നു സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുവാൻ ഒരു പാനൽ തയ്യാറാക്കിയിരുന്നു. ഈ പാനൽ ലഭിച്ചതിനു ശേഷം അതിൽ നിന്നും ആവശ്യമനുസരിച്ച് നിയമനം നടത്തി, അവശേഷിച്ച ലിസ്റ്റ് 03.11.2017 ലെ സ.ഉ.(സാധാ)നം.1525/2017/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റദ്ദാക്കിയതുവരെയുള്ള കാലയളവിൽ, ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്ത ആർക്കും മാനേജിംഗ് ഡയറക്ടർമാരായി റഗുലർ നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ